കരവാരം ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ഉന്നമനം

1788 [2710] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കരവാരം ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കരവാരം ഒരു ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്. ഇവിടെ 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർ വരെ ഒരു കക്കൂസ് നിർമ്മിക്കുന്നതിനും, സാങ്കേതിക പരിശീലനം നേടിയ ഒരാൾക്ക് തൊഴിൽ ചെയ്യുന്നതിനും, ധനസഹായം അനുവദിച്ചിട്ടുണ്ട്. പുറമെ ഒരു മിശ്രവിവാഹ ധനസഹായവും നൽകിയിട്ടുണ്ട്.

മണ്ണുലോത്തുപയ്യ ഹരിജൻ കോളനിയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

1789 [2711] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ മണ്ണുലോത്തുപയ്യ ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മണ്ണുലോത്തുപയ്യ ഒരു ഹരിജൻ കോളനിയല്ല; ഒരു ഹരിജൻ സങ്കേതമാണ്, ഈ സങ്കേതത്തിലെ നിവാസികളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

വാപ്പാല ഹരിജൻ കോളനിയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

1790 [2712] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കിളിമാനൂർ നിയോജകമണ്ഡലത്തിലെ വാപ്പാല ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതൊരു ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്. 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർ വരെ ഇവിടത്തെ 30 ഹരിജനങ്ങൾക്ക് തഴപ്പായ് നെയ്ത്തിനുള്ള ഗ്രാന്റും 15 പേർക്ക് വീട് ഓല മേയുന്നതിനുള്ള ഗ്രാന്റും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly